(ബി) ഉദിക്കുന്നില്ല.

(സി & ഡി) കമ്പനി ശുപാർശ ചെയ്ത പ്രകാരമുള്ള മഷി തന്നെയാണ് ഉപയോഗിക്കുന്നത്. മെഷീന് തകരാറുകൾ ഉണ്ടായിട്ടില്ല.

(ഇ) 18-3-1998-ൽ 11,64,800 രൂപയ്ക്ക് (പതിനൊന്നു ലക്ഷത്തി അറുപത്തി നാലായിരത്തി എണ്ണൂറു രൂപ മാത്രം) ആണ് വാങ്ങിയത്.

(എഫ്) എ, ബി, സി, ഡി വിഭാഗം ചോദ്യങ്ങളുടെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പാഠപുസ്തകങ്ങളുടെ അച്ചടി

45 (1953) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എം. കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് പ്രസ്സുകളിൽ സംസ്ഥാനത്തിന്റെ സ്കൂളുകൾക്ക് ആവശ്യമായ ടെസ്റ്റ് ബുക്കുകൾ മുഴുവൻ അച്ചടിക്കുന്നതിനുള്ള ശേഷിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ടെസ്റ്റ് ബുക്കുകളുടെ അച്ചടി മുഴുവനും സർക്കാർ പ്രസ്സുകളിൽ തന്നെയാണോ നടത്തുന്നത് ;

(സി) ഇല്ലെങ്കിൽ അതിനുവേണ്ട സംവിധാനം ഉണ്ടാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ടെസ്റ്റ് ബുക്കുകൾ അച്ചടിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ കേരള ബുക്ക് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി സ്ഥാപിച്ചിട്ടുണ്ട്.

കോഴിക്കോട് ഗവൺമെന്റ് പ്രസ്സ്

46 (1954) ശ്രീ. എളമരം കരീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഗവൺമെന്റ് പ്രസ്സിന്റെ പുതിയ കെട്ടിട നിർമ്മാണം ഏതു ഘട്ടത്തിലാണ് ;

(ബി) കെട്ടിടത്തിന്റെ വയറിംഗ് റോഡ് എന്നിവയുടെ പണി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് ഗവൺമെന്റ് പ്രസ്സിനുവേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ പണി 85 ശതമാനത്തോളം പൂർത്തിയായിക്കഴിഞ്ഞു. അപ്രോച്ച് റോഡ്, ഫ്ളോറിംഗ്, ഇലക്ട്രിക്കൽ വയറിംഗ് മുറികളുടെ വേർതിരിക്കൽ, വെള്ളത്തിനു വേണ്ടിയുള്ള പണികൾ എന്നീ ജോലികൾ കൂടി പൂർത്തിയാകാനുണ്ട്.

(ബി) ആവശ്യമായ ഫണ്ട് ലഭ്യമായാൽ 2000-2001 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കടമ്പ്രയാറിന് കുറുകെ പാലം

47 (1955) ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പുത്തൻകുരിശു പഞ്ചായത്തിൽ ബ്രഹ്മപുരത്ത് കടമ്പ്രയാറിനു കുറുകെ നബാർഡിന്റെ സഹായത്തോടെയുള്ള നിർദ്ദിഷ്ട പാലംപണിയുടെ പ്രവർത്തനപുരോഗതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; എന്നത്തേയ്ക്ക് പാലം പണിതുടങ്ങാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പുത്തൻകുരിശ് പഞ്ചായത്തിൽ ബ്രഹ്മപുരം കടമ്പ്രയാറിന് കുറുകെ നബാർഡിന്റെ സഹായത്തോടെ ഗ്രാമവികസന വകുപ്പുവഴി പാലം പണി നടന്നുവരുന്നില്ല.

കലാകാരന്മാർക്ക് പെൻഷൻ

48 (1958) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കലാകാരന്മാർക്കുള്ള പെൻഷൻ തുക ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) കഴിഞ്ഞ സാമ്പത്തികവർഷം പുതുതായി ആർക്കെങ്കിലും പെൻഷൻ അനുവദിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആർക്കൊക്കെ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly